
ലക്കം 1

2022 ഒക്ടോബർ

www.malankaralibrary.com


# യുവദീപ്തി

എം. സി. വൈ. എം മാവേലിക്കര ഭദ്രാസന ത്രൈമാസിക



www.malankaralibrary.com

# അനുഗ്രഹാശംസ



ദൈവവിശ്വാസത്തിൽ അധിഷ്ഠിതമായ, ക്രിസ്തു ശിഷ്യന്റെ പാതയിലൂടെ, സഭയോട് ചേർന്ന് നിൽക്കുന്ന യുവജനപ്രസ്ഥാനമാണല്ലോ മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (M C Y M). യുവജനങ്ങൾ സഹയാത്രികർ എന്ന വിഷയവുമായി ഈ വർഷത്തെ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നു. യുവജനങ്ങളായ നിങ്ങളുടെ കർമ്മ പദ്ധതികളുടെ ആസൂത്രണം വഴി സഭയോടൊത്ത് ജീവിച്ചു കൊണ്ട് നിങ്ങളുടെ ജീവിതത്തെ അർത്ഥപൂർണ്ണമാക്കുന്നു.

ഒരു വ്യക്തി തന്റെ ആയുസ്സിൽ ഏറ്റവും കരുത്തനായിരിക്കുന്ന സമയമാണല്ലോ യുവത്വം. യുവജനങ്ങളായ നിങ്ങളുടെ കരുത്തും കഴിവുകളും അപരന്റെ നന്മയ്ക്കായി വിനിയോഗിക്കുമ്പോൾ പ്രേക്ഷിത ചൈതന്യം നിങ്ങളിലുണ്ടെന്ന് സമൂഹം അറിയും. ലോകത്തെ രൂപാന്തരപ്പെടുത്തുവാനുള്ള ആത്മബലം നിങ്ങളുടെ പക്കലുണ്ടെന്ന തിരിച്ചറിവോടെ, യുവാവായ ക്രിസ്തുവിന്റെ മാതൃക സ്വീകരിച്ച്, വിശ്വസത്തിന് സാക്ഷ്യം വഹിക്കുക എന്നതാവട്ടെ നിങ്ങളുടെ പരമപ്രധാന ലക്ഷ്യം.

ഒക്ടോബർ മാസം നാലാം തീയതി എം.സി. വൈ. എം. പ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ നാം ആഘോഷിക്കുകയാണല്ലോ. യൗവനത്തിന്റെ തീക്ഷ്ണതയോടെ ഈശോയെ ഉൾക്കൊണ്ട അസ്സീസിയിലെ പുണ്യവാൻ യുവജനങ്ങൾക്ക് എന്നും പ്രചോദനമാണ്. കുരിശ്ശിനെ സമ്പൂർണ്ണമായി സ്നേഹിച്ച്, രണ്ടാം ക്രിസ്തുവെന്ന അപരനാമധാരിയായി മാറിയ വി. ഫ്രാൻസിസ് അസ്സീസിയുടെ മാധ്യസ്ഥം നമുക്കെന്നും കരുത്താകട്ടെ. വി. ഫ്രാൻസിസ് അസ്സീസിയുടെ മാധ്യസ്ഥം തിന്മയും വെല്ലുവിളികളും നിറഞ്ഞ ഈ കാലഘട്ടത്തിൽ നമുക്ക് ആത്മബലം നൽകട്ടെ.

എം. സി. വൈ. എം മാവേലിക്കര ഭദ്രാസന സമിതി യുവദീപ്തി എന്ന പേരിൽ ഒരു ത്രൈമാസിക പ്രസിദ്ധീകരിക്കുന്നു എന്ന് അറിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്. പ്രസ്ഥാനത്തിന്റെ സജീവമായ പ്രവർത്തനത്തെയാണ് ഈ സദുദ്യമം വിളിച്ചോതുന്നത്. സഭയുടെ വിശ്വാസസാക്ഷ്യം യുവജനങ്ങളിലൂടെ സമൂഹത്തിൽ പ്രകടമാക്കാനും വരുംതലമുറകളെ വിശ്വാസത്തിലും ധാർമ്മികതയിലും അധിഷ്ഠിതമായി രൂപപ്പെടുത്തുവാനും എം. സി. വൈ. എം പ്രസ്ഥാനത്തിന് തുടർന്നും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. അതോടൊപ്പം ഈ ത്രൈമാസികയുടെ പ്രസിദ്ധീകരണത്തിനു വേണ്ടി പ്രവർത്തിച്ച ഏവർക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ! ദൈവവചനത്തിനു സാക്ഷ്യമേകുന്ന പ്രവർത്തനങ്ങളിലൂടെ ഒരു നവ യുവജനസമൂഹം കെട്ടിപ്പടുക്കുന്നതിന് നമുക്ക് പ്രാർത്ഥനാപൂർവ്വം കൈകോർക്കാം. സർവ്വശക്തനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

Mar Ignathios

**+ ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്ത

BISHOP JOSHUA MAR IGNATHIOS • MAVELIKARA •

www.malankaralibrary.com

# Director's Corner



കൃപ നിറഞ്ഞ  മറിയമേ... എന്ന പ്രാർത്ഥനാമന്ത്രം
എങ്ങും അലയടിക്കുന്ന ദിനങ്ങൾ......
ആ 56 കൊന്തമണികളിലൂടെ ആവർത്തിച്ച് ഉയരുന്ന
പ്രാർത്ഥനകളുടെ മാസം...
പരിശുദ്ധ ദൈവമാതാവിലൂടെ ദൈവകുമാരനെ കൂടുതൽ അടുത്തറിയാൻ
മാറ്റിവയ്ക്കപ്പെട്ടിരിക്കുന്ന ഒക്ടോബർ മാസം...
നാം ഉൾപ്പെടുന്ന യുവജന പ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മധ്യസ്ഥനായ
വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ മാസം...
ഇക്കാരണങ്ങൾ കൊണ്ട് തന്നെ യുവജനങ്ങളായ നമുക്ക്
ഏറെ പ്രിയപ്പെട്ട മാസമാണ് ഒക്ടോബർ...
ദാരിദ്ര്യത്തെ പ്രണയിച്ച, എളിമയുടെ മൂർത്തീരൂപമായ
അസ്സീസിയിലെ ഫ്രാൻസിസിന്റെ വാക്കുകളെയും പ്രവൃത്തികളെയും
നെഞ്ചിലേറ്റി,
ജീവിതത്തെ പ്രാർത്ഥനയാക്കിയ
പരിശുദ്ധ കന്യകമറിയത്തെ മാറോട് ചേർത്തുപിടിച്ച്,
നമുക്ക് വേണ്ടി ക്രൂശിൽ രക്തം ചിന്തിയ ദൈവപുത്രന്റെ തിരുമുഖത്തേക്ക്
ദൃഷ്ടിയുറപ്പിച്ച്, വ്യക്തവും ദൃഢവുമായ നിലപാടുകളെയും
നിർദ്ദേശങ്ങളെയും ഉൾക്കൊണ്ടു നാം മുന്നേറണം.
നമ്മിലൂടെ, നാമാകുന്ന കുടുംബത്തിലൂടെ, കുടുംബമാകുന്ന സഭയിലൂടെ
ഒരു പുതു സമൂഹത്തെ കെട്ടിപ്പടുക്കുവാൻ, നവീകരിക്കുവാൻ,
വിശുദ്ധീകരിക്കുവാൻ യുവജനങ്ങളായ നമുക്ക് കൈകോർക്കാം....
സഭയുടെ ഇന്നും നാളെയും എല്ലാം നമ്മളിലാണെന്ന് ഓർക്കുക...
ആ ബോധം നമ്മെ ഉണർത്തട്ടെ... വളർത്തട്ടെ ...



സ്നേഹപൂർവ്വം,
**ഡെന്നിസ് അച്ചൻ**

www.malankaralibrary.com

# എഡിറ്റോറിയൽ



രണ്ടാം ക്രിസ്തു, എം.സി.വൈ.എം സ്വർഗ്ഗീയ മദ്ധ്യസ്ഥൻ വി. ഫ്രാൻസിസ് അസ്സീസിയുടെ ഓർമ്മപെരുന്നാൾ ഒക്ടോബർ 4 നും മലങ്കര സുറിയാനി കത്തോലിക്കാ സഭയെ ദീർഘ വീക്ഷണത്തോടെ കണ്ട ആചാര്യശ്രേഷ്ഠൻ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയുടെ ഓർമ്മപെരുന്നാൾ ഒക്ടോബർ 10 നും നമ്മൾ കൊണ്ടാടുകയാണല്ലോ...

വിശാല മനുഷ്യസമൂഹത്തിലേക്ക് സമാധാന ദൂതരായി ഇറങ്ങി ചെന്ന രണ്ട് വ്യക്തിത്വങ്ങൾ....

പാവങ്ങളോടും ആവശ്യക്കാരോടും ശുശ്രൂഷ മനോഭാവത്തോടെ ഇടപ്പെട്ട സവിശേഷ വ്യക്തിത്വത്തിനുടമ വി.ഫ്രാൻസിസ് അസ്സീസി... എല്ലാ മനുഷരോടും എന്നതിനുമപ്പുറം, എല്ലാ ചരാചരങ്ങളോടും തന്റെ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഭാവം പ്രകടിപ്പിച്ച അസീസിയിലെ ഫ്രാൻസിസ്... പ്രകൃതിയെ സ്നേഹിച്ച, വേദനിക്കുന്നവരോടൊപ്പം ആയിരുന്ന, ദൈവികമായ ലാളിത്യത്തിന്റെ ഉടമ....

"ജഡത്തിന്റെ ആഗ്രഹമനുസരിച്ചുള്ള ജ്ഞാനികളോ വിവേകികളോ ആകരുത്. മറിച്ച് ലാളിത്യവും താഴ്മയും ശുദ്ധിയും ഉള്ളവരായിരിക്കണം" വി. ഫ്രാൻസിസ് അസ്സീസിയുടെ ഈ വാക്കുകൾ അതേപടി ജീവിതത്തിൽ പകർത്തിയ വ്യക്തിയാണ് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ്. എല്ലാവരേയും ഒന്നായി കണ്ടുകൊണ്ട് മനുഷ്യ മനസ്സുകളെ തൊട്ടറിഞ്ഞ പാവങ്ങളുടെ പിതാവ്.... തന്നെ ഏൽപ്പിച്ച അജഗണത്തിന്, മനുഷ്യസമൂഹത്തിന് നന്മ ചെയ്യുവാൻ മടി കാണിക്കാത്ത ഒരു പച്ചയായ മനുഷ്യൻ... മറ്റുള്ളവർക്ക് നന്മ ചെയ്യുവാൻ തനിക്ക് കിട്ടിയ അവസരങ്ങളെ പ്രയോജനപ്പെടുത്തിയ ദൈവത്തിന്റെ വിശ്വസ്തനും വിവേകിയുമായ കാര്യസ്ഥൻ... ജാതി മത ഭേദമന്യേ മനുഷ്യ ഹൃദയങ്ങളിലേക്ക് ഇറങ്ങി ചെന്ന ശ്രേഷ്ഠാചാര്യൻ...

വി.ഫ്രാൻസിസ് അസ്സീസിയുടേയും അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവിന്റെയും ജീവിതങ്ങൾ നമുക്ക് മാതൃകയാക്കാം...



**രഞ്ചു രാജു**
എം. സി. വൈ. എം ഭദ്രാസന ജനറൽ സെക്രട്ടറി
ചീഫ് എഡിറ്റർ

www.malankaralibrary.com

# Presidential Voice



*"മാറ്റേണ്ടവയെ മാറ്റുവാനുള്ള ധൈര്യവും
മാറ്റപ്പെടാത്തവയോട് പൊരുത്തപ്പെടുവാനുള്ള വിവേകവും
ഇവ വിവേചിച്ചറിയാനുള്ള വിജ്ഞാനവും എനിക്ക് നീ തരേണമേ."
വി. ഫ്രാൻസിസ് അസ്സീസി*

അസ്സീസി പട്ടണത്തിന്റെ തെരുവീഥികളിൽ ക്രിസ്തുവിന് വേണ്ടി കത്തിജ്വലിച്ച്, ഇന്നും ലോകം മുഴുവനിലും ഉള്ള യുവജനതയെ ആ ക്രിസ്തുവിലേക്ക് ചേർത്ത് നിർത്തുന്ന പുണ്യവാൻ... വി.ഫ്രാൻസിസ് അസ്സീസിയുടെ ഓർമ്മദിനത്തിന്റെ വിശുദ്ധി പരത്തുന്ന പരിമണങ്ങളോട് ചേർന്ന് നിന്ന് കൊണ്ട് വീണ്ടും ഒരു യുവജനദിനം കൂടെ. ആഘോഷമാകുന്ന യുവത്വത്തിന്റെ, ആരവങ്ങൾ ഉയർത്തുന്ന യുവത്വത്തിന്റെ ദിനം. എന്നാൽ ഈ ആഘോഷങ്ങൾക്കും ആരവങ്ങൾക്കും ഇടയിലും പാർശ്വവൽക്കരിക്കപ്പെട്ടവരോട് പക്ഷം ചേരുവാനും കരയുന്നവരുടെ കണ്ണുനീരൊപ്പുവാനും നിശബ്ദരാക്കപ്പെട്ടവരുടെ ശബ്ദമായി മാറുവാനും പ്രാർത്ഥനയാകേണ്ട ഇടങ്ങളിൽ പ്രാർത്ഥനയാകുവാനും കാരുണ്യമാകേണ്ട ഇടങ്ങളിൽ കാരുണ്യമായി മാറുവാനും യുവജനങ്ങൾക്ക് ഉത്തരവാദിത്വമുണ്ട്. ചുറ്റുമുള്ളവരിൽ ദൈവത്തെ കണ്ടുകൊണ്ടും, അപരന്റെ വേദനകളിലേക്കും മാനസിക തലങ്ങളിലേക്കും ആത്മാർത്ഥതയോടെ ആഴ്ന്നിറങ്ങി ചെന്നുകൊണ്ടും, കാലഘട്ടത്തിന്റെ ഹൃദയനൊമ്പരങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടുമുള്ള പ്രവർത്തനങ്ങളുമായി നാം കൂടുതൽ കരുത്തോടെ മുന്നോട്ട് പോകുവാൻ അസ്സീസിയിലെ ആ പുണ്യവാനെപ്പോലെ നമുക്കും പ്രാർത്ഥിക്കാം... *"മാറ്റേണ്ടവയെ മാറ്റുവാനുള്ള ധൈര്യവും മാറ്റപ്പെടാത്തവയോട് പൊരുത്തപ്പെടുവാനുള്ള വിവേകവും ഇവ വിവേചിച്ചറിയാനുള്ള വിജ്ഞാനവും എനിക്ക് നീ തരേണമേ."*

ഏവർക്കും യുവജനദിനത്തിന്റെ എല്ലാവിധ മംഗളങ്ങളും ആശംസകളും...



**ജിതിൻ ഷാജി**
എം. സി. വൈ. എം ഭദ്രാസന പ്രസിഡന്റ്

www.malankaralibrary.com



# ക്രിസ്തു : യുവത്വത്തിന്റെ അടിസ്ഥാനം

*"നിങ്ങളെ വെട്ടിയെടുത്ത പാറയിലേക്കും
നിങ്ങളെ കുഴിച്ചെടുത്ത ഖനി ഗർഭത്തിലേക്കും നോക്കുവിൻ" (എശയ്യ 51:1)*



**കിച്ചു തോമസ്**
ട്രഷറർ
മാവേലിക്കര ഭദ്രാസനം

അയാൾ ഒരു മാന്ത്രികനായിരുന്നു. വാക്ചാതുര്യത്തിന്റെ ഒരു മാന്ത്രികത അയാളിൽ ഉണ്ടായിരുന്നു.കേൾക്കുന്നവരൊക്കെ ആ മനുഷ്യൻറെ വലിയ ആരാധകരായി തീർന്നു.ചിലർ അദ്ദേഹത്തെ പറ്റി നല്ലവനായ ഗുരുവെന്നും രോഗശാന്തി നൽകുന്ന നല്ല വൈദ്യനെന്നും വെൽസബൂലിന്റെ പുത്രനാണെന്ന് ഒക്കെ അഭിപ്രായപ്പെടുന്നു. ഒരു രഹസ്യാത്മകത അദ്ദേഹത്തിന്റെ ജീവിതത്തിൽ നിഴലിച്ചിരുന്നു. കേവലം മൂന്ന് വർഷക്കാലം മാത്രം പൊതു സമൂഹത്തിൽ ജീവിച്ച മുപ്പത്തി മൂന്നുകാരന് ലോകത്തിൻറെ സ്പന്ദനം ആയിത്തീരാൻ സാധിച്ചത് ഒരു അത്ഭുതം തന്നെയാണ്. മുപ്പത്തി മൂന്നു വയസ്സുകാരനായ ചെറുപ്പക്കാരൻ ലോകത്തിൻറെ സ്പന്ദനമായി തീർന്നു എന്ന് മാത്രമല്ല പുതിയൊരു ചരിത്രം രചിക്കുക കൂടിയായിരുന്നു. അതെ യുവത്വത്തിന്റെ ചരിത്രം.


കാലാനുസൃതമായി പലരും ആ യുവാവിനെ അനുഗമിച്ചു, അനുകരിച്ചു, ആ യുവാവായി തീരുവാൻ ആഗ്രഹിച്ചു. ഇരുമ്പ് കാന്തത്തെ ആകർഷിക്കുന്നതു പോലെ യുവാക്കളും അദ്ദേഹത്തിലേക്ക് എത്തിച്ചേർന്നുകൊണ്ടേയിരുന്നു. ചിലർ മീൻപിടുത്തക്കാരായിരുന്നു മറ്റു ചിലർ ചുങ്കക്കാരും വേറെ ചിലർ തീവ്രവാദികളും. എന്നാൽ അവരെയെല്ലാം വെട്ടിയെടുത്ത ആ പാറ, കാമ്പ് ഉള്ളതായിരുന്നു. അതുകൊണ്ടാണ് കാലങ്ങൾക്കിപ്പുറം അസീസിയിലെ തെരുവോരങ്ങളിലൂടെ ഒരു മനുഷ്യൻ പാട്ടുപാടിയും നൃത്തമാടിയും ഒക്കെ ലോകത്തിനു മുൻപിൽ പുതിയൊരു വാതായനം തുറന്നത്.

www.malankaralibrary.com

യുവത്വം എന്നും തീവ്രമാണ്. ആഴിയിൽ തിരകൾ ഇരമ്പുന്നതു പോലെ പ്രക്ഷുബ്ധവുമാണ്. കാലാനുസൃതമായ മാറ്റങ്ങളിലൂടെ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ എത്തി നിൽക്കുമ്പോൾ സ്വർണ്ണം ആലയിൽ ശുദ്ധീകരിക്കപ്പെടുന്നതുപോലെ പല മാലിന്യങ്ങളിൽ നിന്നും അഴുക്കുകളിൽ നിന്നും യുവത്വം മാറേണ്ടിയിരിക്കുന്നു. അഴുക്കുചാലുകളിൽ വീണു മലീമസമാകാതെ, ലോകത്തിലേക്ക് പുതിയ വാതായനങ്ങൾ തുറക്കുവാനുള്ള ഒരു വിളി കൂടിയാണ് യുവത്വം.

'യുവാവേ, യുവത്വത്തിൽ നീ സന്തോഷിക്കുക, യൗവനത്തിന്റെ നാളുകളിൽ നിന്റെ ഹൃദയം നിന്നെ ആനന്ദിപ്പിക്കട്ടെ' (സഭാ പ്രസ 11:9) എന്ന് തിരുവചനം പറയുന്നതു പോലെ യൗവനത്തിന്റെ നാളുകൾ നമ്മുടെ ഹൃദയങ്ങൾ ആനന്ദഭരിതമാക്കുവാൻ നമുക്ക് ഒരു തിരിഞ്ഞുനോട്ടം ആവശ്യമാണ്, നമ്മളെ 'വെട്ടിയെടുത്ത പാറയിലേക്കും കുഴിച്ചെടുത്ത ഖനി ഗർഭത്തിലേക്കും'. വെട്ടിയെടുക്കപ്പെട്ടതും കുഴിച്ചെടുക്കപ്പെട്ടതും ക്രിസ്തുവാകുന്ന വെട്ടിയെടുക്കപ്പെട്ടതും കുഴിച്ചെടുക്കപ്പെട്ടതും ക്രിസ്തുവാകുന്ന പാറയിൽ നിന്നും ഖനി ഗർഭത്തിൽ നിന്നുമാണ്. ക്രിസ്തുവിൽ നിന്ന് വെട്ടിയെടുത്തത് കൊണ്ടാണ് അസീസിയുടെ തെരുവോരങ്ങളിൽ നിന്ന് തീർത്തും വ്യത്യസ്തമായ സ്വരം ഉയർന്നത്.

തിരിഞ്ഞുനോട്ടം ഒരു ഓർമ്മപ്പെടുത്തൽ കൂടിയാണ്. ചില ഓർമ്മപ്പെടുത്തലുകൾ അടയാളവും, ചില അടയാളങ്ങൾ ശക്തിയും. ചില ശക്തികളാണ് നമ്മെ വഴി നടത്തുന്നത്. വെട്ടിയെടുക്കപ്പെട്ട പാറയും കുഴിച്ചെടുക്കപ്പെട്ട ഖനി ഗർഭവും ഒരു ശക്തി കേന്ദ്രമായി ഇപ്പോഴും അവിടെ തന്നെ നിലകൊള്ളുന്നു.ഒരു കിണറിന്റെ ചാരെ നിന്നാണ് മാന്ത്രികതയുടെ ഭൂതകാലത്തിലേക്ക് അവൻ അവളെ നയിച്ചത്. ഇന്നും ഈ സാധ്യത നമ്മുടെ അരികിലും നിൽപ്പുണ്ട്, ഭൂതകാലത്തിന്റെ മാന്ത്രികതയിലേക്ക് നോക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന ഒരു ചാലകശക്തിയായി. ക്രിസ്തുവാകുന്ന അടിസ്ഥാനത്തിലേക്ക് കടന്നുവന്നു കൊണ്ട് യൗവനത്തിന്റെ നാളുകളിൽ നമുക്ക് ആനന്ദിക്കാം.



www.malankaralibrary.com

# ഭദ്രാസന സമിതി


## അർദ്ധവാർഷിക സെനറ്റ്



എം. സി. വൈ. എം മാവേലിക്കര ഭദ്രാസന അർദ്ധ വാർഷിക സെനറ്റ് 2022 ജൂലൈ 2 ന് കടമ്പനാട് വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ പെരിങ്ങനാട്, സെന്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. എം സി വൈ എം മാവേലിക്കര ഭദ്രാസന ആനിമേറ്റർ റവ. സി. സജീവ എസ്. ഐ. സി. പതാക ഉയർത്തി സെനറ്റ് സമ്മേളനത്തിന് തുടക്കം കുറിച്ചു. ഭദ്രാസന പ്രസിഡന്റ് ജിതിൻ ഷാജി അധ്യക്ഷത വഹിച്ച സമ്മേളനത്തിന് ഭദ്രാസന ജനറൽ സെക്രട്ടറി രഞ്ചു രാജു സ്വാഗതം ആശംസിച്ചു. എം. സി. വൈ. എം. കടമ്പനാട് വൈദിക ജില്ല ഡയറക്ടർ റവ.ഫാ.ജോർജ് കോട്ടപ്പുറം ഉദ്ഘാടനം ചെയ്ത സെനറ്റ് സമ്മേളനത്തിന് ഭദ്രാസന ഡയറക്ടർ റവ.ഫാ. വർഗ്ഗീസ് മുകളുംപുറത്ത് ആമുഖ സന്ദേശം നൽകി. തുടർന്ന് വൈദിക ജില്ലകളുടെ റിപ്പോർട്ട് അവതരിപ്പിക്കുകയും ശേഷം ഭദ്രാസന സമിതിയുടെ 6 മാസക്കാലത്തെ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. തുടർന്ന് സംഘടനാ ചർച്ചയും സമിതിയുടെ വരുംകാല പ്രവർത്തനങ്ങളെ പറ്റിയുള്ള ചർച്ചയും നടത്തപ്പെട്ടു. ഭദ്രാസന ട്രഷറർ ആയി കറ്റാനം വൈദിക ജില്ല സിൻഡിക്കേറ്റ് അംഗം കിച്ചു തോമസിനെ തിരഞ്ഞെടുത്തു. ഭദ്രാസന വൈസ് പ്രസിഡന്റ് ഷിബിൻ ഷാജി സെനറ്റ് സമ്മേളനത്തിന് നന്ദി അർപ്പിച്ചു.

## വി.കുർബാനയും ധൂപപ്രാർത്ഥനയും

എം. സി. വൈ. എം മാവേലിക്കര ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 69 -ാമത് ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് പിതാവിന്റെ മാതൃ ഇടവകയായ മാവേലിക്കര പുതിയകാവ് സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിൽ 2022 ജൂലൈ 2 ന് വി.കുർബാനയും ധൂപപ്രാർത്ഥനയും അർപ്പിക്കപ്പെട്ടു.



## MISPA 2K22

2022 ജൂലൈ 8, 9, 10 തീയതികളിൽ തിരുവനന്തപുരം നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്ററിൽ വച്ച് എം. സി. വൈ. എം സഭാതല സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട MISPA 2K22 ൽ മാവേലിക്കര ഭദ്രാസന പ്രതിനിധികൾ പങ്കെടുത്തു.



www.malankaralibrary.com

## ഛായാചിത്രപ്രയാണവും വള്ളിക്കുരിശ് പ്രയാണവും



ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ 69-ാം ഓർമ തിരുനാളിനോട് അനുബന്ധിച്ച് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനമായ എം. സി. വൈ. എം, മാവേലിക്കര ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ 2022 ജൂലൈ 12 ന് പുനരൈക്യത്തിന്റെ പിള്ളത്തൊട്ടിലായ കൊല്ലം തങ്കശ്ശേരി അരമന ചാപ്പലിൽ മാവേലിക്കര ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തയുടെ മുഖ്യകാർമ്മികത്വത്തിലും വന്ദ്യ യൂഹാന്നോൻ പുത്തൻവീട്ടിൽ റമ്പാന്റെയും ഭദ്രാസനത്തിലെ മറ്റ് വൈദികരുടെയും സഹകാർമ്മികത്വത്തിലും രാവിലെ 7 മണിക്ക് വി.കുർബാന നടത്തപ്പെടുകയും തുടർന്ന് എം. സി. വൈ. എം മാവേലിക്കര ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗീസ് മുകളുംപുറത്തിന്റെ സാന്നിധ്യത്തിൽ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത, നിലയ്ക്കൽ വനാന്തരങ്ങളിൽ നിന്ന് വെട്ടിയെടുക്കപ്പെട്ട വള്ളിക്കുരിശ് ഭദ്രാസന പ്രസിഡന്റ് ജിതിൻ ഷാജിയ്ക്കും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഛായാചിത്രം ഭദ്രാസന ജനറൽ സെക്രട്ടറി രഞ്ചു രാജുവിനും എം. സി. വൈ. എം പതാക ഭദ്രാസന ട്രഷറാർ കിച്ചു തോമസിനും നൽകി ഛായാചിത്ര പ്രയാണത്തിനും വള്ളിക്കുരിശ് പ്രയാണത്തിനും തുടക്കം കുറിച്ചു. കൊല്ലം, പുത്തൂർ, കടമ്പനാട്, കറ്റാനം, മാവേലിക്കര വൈദിക ജില്ലകളിലെ ഇടവകകൾ ഹൃദ്യമായ സ്വീകരണം നൽകി. മാവേലിക്കര ഭദ്രാസനത്തിലെ യുവജനങ്ങൾ വിവിധ വാഹനങ്ങളിലായി പ്രയാണത്തെ അനുഗമിച്ചു. 'ദൈവദാസൻ മാർ ഈവാനിയോസ് പിതാവേ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ' എന്ന പ്രാർത്ഥനാമന്ത്രം ഉരുവിട്ട് കടന്നുവന്ന, ഓരോ പാതയോരങ്ങളെയും അനുഗ്രഹീതമാക്കിയ പ്രയാണം ചെങ്ങന്നൂർ വൈദിക ജില്ലയുടെ ഛായാചിത്ര പ്രയാണവുമായി പിതാവിന്റെ ജന്മം കൊണ്ട് പുണ്യമായ പുതിയകാവിൽ വച്ച് സംഗമിച്ചു.

## മെഴുകുതിരി പ്രദക്ഷിണം

ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ 69-ാം ഓർമ തിരുനാളിനോട് അനുബന്ധിച്ച് കല്ലുമല മാർ ഈവാനിയോസ് ക്യാമ്പസിലൂടെ 2022 ജൂലൈ 12 ന് എം. സി. വൈ. എം മാവേലിക്കര ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ മെഴുകുതിരി പ്രദക്ഷിണം നടത്തപ്പെട്ടു. ഭദ്രാസനത്തിലെ വൈദീകരും സന്യാസിനികളും വൈദീക വിദ്യാർത്ഥികളും വിവിധ ഇടവകകളിൽ നിന്നും കടന്നുവന്ന വിശ്വാസികളും യുവജനങ്ങളും ഇതിൽ പങ്കുചേർന്നു. മെഴുകുതിരി പ്രദക്ഷിണം കല്ലുമല ദൈവാലയത്തിൽ എത്തിച്ചേരുകയും മാവേലിക്കര ഭദ്രാസന വികാരി ജനറാൾ വന്ദ്യ യൂഹാന്നോൻ പുത്തൻവീട്ടിൽ റമ്പാൻ സമാപന ആശീർവാദം നൽകുകയും ചെയ്തു.



www.malankaralibrary.com

## കെ. സി. വൈ. എം അർദ്ധവാർഷിക സെനറ്റ്



കാഞ്ഞിരപ്പള്ളി രൂപതയുടെ ആതിഥേയത്വത്തിൽ കാഞ്ഞിരപ്പള്ളി അമൽജ്യോതി എൻജിനീയറിങ് കോളേജിൽ വച്ച് 2022 ജൂലൈ 30, 31 തീയതികളിൽ നടന്ന 44-ാമത് കെ. സി. വൈ. എം അർദ്ധവാർഷിക സെനറ്റിൽ ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗീസ് മുകളുംപുറത്ത്, ആനിമേറ്റർ റവ. സി. സജീവ എസ്. ഐ. സി, പ്രസിഡന്റ് ജിതിൻ ഷാജി, ജനറൽ സെക്രട്ടറി രഞ്ചു രാജു, വൈസ് പ്രസിഡന്റുമാരായ ഷിബിൻ ഷാജി, ക്രിസ്റ്റി രാജ്, കെ.സി.വൈ.എം സെനറ്റ് പ്രിൻസി ആർ എന്നിവർ പങ്കെടുക്കുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

## തീരദേശജനതയുടെ നീതിക്ക് വേണ്ടിയുള്ള പോരാട്ടത്തിന് ഐക്യദാർഢ്യം




അതിജീവനത്തിനായി സമരമുഖത്തായിരിക്കുന്ന തീരദേശ ജനതയുടെ നീതിക്ക് വേണ്ടിയുള്ള പോരാട്ടത്തിൽ എം.സി.വൈ.എം മാവേലിക്കര ഭദ്രാസന സമിതി ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും കെ. സി. വൈ. എം സംസ്ഥാന സമിതിയുടെ നിർദ്ദേശപ്രകാരം 2022 ആഗസ്റ്റ് 21 ഞായറാഴ്ച എല്ലാ യൂണിറ്റികളിലും പ്രതിഷേധദിനം ആചരിക്കുകയും തീരദേശ വാസികളുടെ ന്യായമായ ആവശ്യങ്ങൾ പരിഗണിച്ച് സർക്കാരിന്റെ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാരിന് പരാതി സമർപ്പിക്കുന്നതിനായി ഇടവകകളിൽ ഒപ്പു ശേഖരണം നടത്തുകയും ചെയ്തു.

## തൂലിക : രചനാമത്സരങ്ങൾ




എം. സി. വൈ. എം മാവേലിക്കര ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ തൂലിക രചനാമത്സരങ്ങൾ 2022 ആഗസ്റ്റ് 27 ശനിയാഴ്ച വൈദിക ജില്ലാ കേന്ദ്രങ്ങളിൽ നടത്തപ്പെട്ടു.

## ഐഡി കാർഡ് പ്രകാശനം

എം സി വൈ എം കൊല്ലം വൈദിക ജില്ലാ ഡയറക്ടർ റവ. ഫാ ജോൺ കടുവിങ്കലിന്റെയും തിരുവല്ല അതിഭദ്രാസന മുൻ പ്രസിഡന്റ് ശ്രീ ലൈജു കോശി മാത്യുവിന്റെയും ഭദ്രാസന സമിതി അംഗങ്ങളുടെയും സാന്നിധ്യത്തിൽ ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് മുകളുംപുറത്ത് ഭദ്രാസന പ്രസിഡന്റ് ജിതിൻ ഷാജിക്ക് നൽകിക്കൊണ്ട് എം. സി. വൈ. എം. മാവേലിക്കര ഭദ്രാസനത്തിന്റെ QR കോഡോടു കൂടിയ കാർഡിന്റെ ഔദ്യോഗിക

www.malankaralibrary.com

പ്രകാശനം നിർവഹിച്ചു. ഐഡി കാർഡ് യുവജനങ്ങൾക്ക് മുൻപിലേക്ക് എത്തുന്നത് ഡിജിറ്റൽ രൂപത്തിലാണ്. ഗൂഗിൾ ഫോം പൂരിപ്പിച്ച യുവജങ്ങൾക്ക് ഡിജിറ്റൽ എം .സി . വൈ. എം. ഐഡി കാർഡ് മെയിൽ ഐഡി അല്ലെങ്കിൽ വാട്സാപ്പ് നമ്പറിലേക്ക് ലഭിക്കുന്നതായിരിക്കും.






## താലന്തോൺ 2022

എം. സി .വൈ .എം. മാവേലിക്കര ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ വന്ദ്യ ജോൺ പുത്തൻവിളയിൽ കോർ എപ്പിസ്കോപ്പ മെമ്മോറിയൽ ക്വിസ് മത്സരം താലന്തോൺ 2022 കൊല്ലം വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ സെപ്റ്റംബർ 18 ഞായറാഴ്ച കുണ്ടറ, ലിറ്റിൽ ഫ്ളവർ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ച് നടത്തപ്പെട്ടു. കൊല്ലം വൈദികജില്ല ഡയറക്ടർ റവ. ഫാ. ജോൺ കടുവിങ്കൽ ഉദ്ഘാടനം ചെയ്ത ക്വിസ് മത്സരത്തിന് ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗീസ് മുകളുംപുറത്ത് ആമുഖ പ്രഭാഷണം നൽകി. ക്വിസ് മത്സരത്തിന് നേതൃത്വം നൽകിയത് തിരുവല്ല അതിഭദ്രാസനത്തിന്റെ മുൻ പ്രസിഡന്റ് ശ്രീ. ലൈജു കോശി മാത്യുവാണ് . 4 ജില്ലകളിൽ നിന്ന് 15 ടീമുകൾ പങ്കെടുത്ത ആവേശോജ്ജ്വലമായ ക്വിസ് മത്സരത്തിൽ ഒന്നാം സമ്മാനമായ 5000 രൂപയും എവർറോളിങ് ട്രോഫിയും പുത്തൂർ വൈദിക ജില്ലയിലെ പുത്തൂർ യൂണിറ്റ് അംഗങ്ങളായ ലിബിൻ ബാബുവും ലിജിൻ ബാബുവും സ്വന്തമാക്കി. രണ്ടാം സമ്മാനമായ 3000 രൂപയും എവർറോളിങ് ട്രോഫിയും കൊല്ലം വൈദിക ജില്ലയിലെ നല്ലില യൂണിറ്റ് അംഗങ്ങളായ അഞ്ചു അജിയും അനിജ അജിയും മൂന്നാം സമ്മാനമായ 2000 രൂപയും എവർറോളിങ് ട്രോഫിയും കടമ്പനാട് വൈദിക ജില്ലയിലെ മണ്ണാറോഡ് യൂണിറ്റ് അംഗങ്ങളായ ലിനു രാജുവും വിനയ വിക്ടറും സ്വന്തമാക്കി.




## 31-ാം അന്തർദേശീയ യുവജന സമ്മേളനം

തിരുവല്ലയിൽ നടന്ന 92-ാം പുനരൈക്യ വാർഷികത്തിലും 31-ാം അന്തർദേശീയ യുവജന സമ്മേളനത്തിലും ഭദ്രസനത്തിലെ യുവജനങ്ങൾ പങ്കെടുത്തു.



www.malankaralibrary.com

## കടമ്പനാട് വൈദിക ജില്ല

### ഛായാചിത്ര പ്രയാണം

എം. സി. വൈ. എം കടമ്പനാട് വൈദിക ജില്ലയുടെ നേതൃത്വത്തിൽ 2022 ജൂലൈ 10ന് വൈദിക ജില്ലയിലെ യൂണിറ്റുകളെ കേന്ദ്രീകരിച്ച് ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ ഛായചിത്ര പ്രയാണം നടത്തുകയുണ്ടായി. രാവിലെ 9 മണിക്ക് പെരിങ്ങനാട് സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിൽ നിന്നും ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗീസ് മുകളുംപുറത്ത് വി. കുർബാന അർപ്പിക്കുകയും തുടർന്ന് ഫ്ളാഗ് ഓഫ് ചെയ്ത ഛായാചിത്ര പ്രയാണം വൈകുന്നേരം 5.30ന് തൂവയൂർ വെസ്റ്റ് സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിൽ അവസാനിച്ചു.







## കൊല്ലം വൈദിക ജില്ല

### മാർ ഇവാനിയോസ് അനുസ്മരണം




പുനരൈക്യ ശില്പി ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 69 -ാമത് ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് കൊല്ലം വൈദിക ജില്ലയിലെ ദൈവാലയങ്ങൾ കേന്ദ്രീകരിച്ച് എം.സി. വൈ. എം കൊല്ലം വൈദികജില്ലാ സമിതിയുടെ നേതൃത്വത്തിൽ ജൂലൈ മാസം 10-ാം തീയതി വള്ളി കുരിശ് പ്രയാണം സംഘടിപ്പിച്ചു. കടപ്പാക്കട സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നിന്നും ജില്ലാ വികാരി റവ .ഫാ. ജോസ് വെൺമാലോട്ടിന്റെ ആശീർവാദത്തോടെ ആരംഭിച്ച് ജില്ലയിലെ എല്ലാ ദൈവാലയങ്ങളും സന്ദർശിച്ച് കല്ലുവാതുക്കൽ നല്ലിടയൻ ദൈവാലയത്തിൽ സമാപിച്ചു.

### ഇടയരോടൊപ്പം



www.malankaralibrary.com

ഓഗസ്റ്റ് നാലാം തിയതി വൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് എം.സി.വൈ.എം കൊല്ലം വൈദിക ജില്ലയുടെ നേതൃത്വത്തിൽ ഇടയരോടൊപ്പം എന്ന പേരിൽ കല്ലുമല ക്ലെർജി ഹോം സന്ദർശിക്കുകയും അവിടെ കഴിയുന്ന ശ്രേഷ്ഠ വൈദികരുടെ കൂടെ ആയിരിക്കുകയും ചെയ്തു. സമിതി അംഗങ്ങളുടെ നേതൃത്വത്തിൽ ആശംസാ ഗീതം ആലപിക്കുകയും വന്ദ്യ വൈദീകർ സഭയ്ക്ക് ചെയ്ത എല്ലാ ശുശ്രൂഷകളെ ഓർക്കുകയും ചെയ്തു. തുടർന്ന് വൈദീക ശ്രേഷ്ഠർക്ക് സമ്മാനം നൽകുകയും അവരുടെ സന്തോഷത്തിൽ പങ്കുചേരുകയും ചെയ്തു.

## തനിയെ: തെരുവുനാടകം

എം. സി. വൈ. എം കൊല്ലം വൈദികജില്ലയുടെ നേതൃത്വത്തിൽ സ്ത്രീ പുരുഷസമത്വം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള തെരുവുനാടകം 2022 ആഗസ്റ്റ് 21 ന് കൊല്ലം നഗരത്തിലെ വിവിധയിടങ്ങളിൽ നടത്തപ്പെട്ടു. സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ ഇന്നത്തെ സമൂഹത്തോട് വിളിച്ചു പറയുന്നതായിരുന്നു തെരുവുനാടകത്തിന്റെ ആശയം. തെരുവുനാടകത്തിനു മുന്നോടിയായി യുവജനങ്ങൾ അവതരിപ്പിച്ച ഫ്ളാഷ് മോബും ഏറെ ശ്രദ്ധിക്കപ്പെട്ടു.




## നിറവ് 2K22

എം.സി.വൈ.എം കൊല്ലം വൈദിക ജില്ലയുടെ ആഭിമുഖ്യത്തിൽ 19 യൂണിറ്റുകളുടെയും സഹകരണത്തോടെ സെപ്റ്റംബർ 10 ചതയ ദിനത്തിൽ ഓണാഘോഷം നിറവ് 2K22 നടത്തപ്പെട്ടു. കൊട്ടാരക്കര, കോക്കാടുള്ള 'അമ്മ' എന്ന അഗതി മന്ദിരത്തിൽ ഓണസദ്യ നൽകുകയും, അവരോടൊപ്പം നല്ല നിമിഷങ്ങൾ പങ്കിടുകയും ചെയ്തു.



# പുത്തൂർ വൈദിക ജില്ല

## സ്വാതന്ത്ര്യ ദിനാഘോഷം

ഭാരതത്തിന്റെ എഴുപത്തിയഞ്ചാം സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് എം. സി. വൈ. എം പുത്തൂർ വൈദിക ജില്ലയുടെ നേതൃത്വത്തിൽ ആഗസ്റ്റ് 15 തിങ്കളാഴ്ച രാജ്യത്തിനുവേണ്ടി സേവനമനുഷ്ഠിച്ച വിമുക്തഭടന്മാരെ ആദരിച്ചു. അതിനോടനുബന്ധിച്ച് ദേശസ്നേഹി എന്ന കഥാപ്രസംഗം രാവിലെ 9.30 ന് കൈതക്കോട് മാർ ബസേലിയോസ് സ്കൂളിൽ വച്ച് നടത്തപ്പെട്ടു

www.malankaralibrary.com








## മാവേലിക്കര വൈദിക ജില്ല

### ദുക്റോനോ ദ് അബ്ദോ ദ് ആലോഹോ

ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ 69-ാം ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് എം. സി. വൈ. എം മാവേലിക്കര വൈദിക ജില്ല സമിതിയുടെ നേതൃത്വത്തിൽ ദുക്റോനോ ദ് അബ്ദോ ദ് ആലോഹോ ജൂലൈ മാസം 12-ാം തീയതി രാവിലെ 7.30 ന് പുതിയകാവ് സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് അനുസ്മരണവും അതിനുശേഷം സ്മൃതിമണ്ഡപത്തിൽ ധൂപ പ്രാർത്ഥന നടത്തുകയും ചെയ്തു. അന്നേദിവസം വൈകിട്ട് എം. സി. വൈ. എം മാവേലിക്കര ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ കൊല്ലം തങ്കശ്ശേരി അരമന ചാപ്പലിൽ നിന്നു ആരംഭിച്ച ഛായാചിത്ര പ്രയാണത്തെ എം. സി. വൈ. എം മാവേലിക്കര വൈദിക ജില്ലയുടെ ഡയറക്ടർ റവ. ഫാ. തോമസ് പുത്തൻപറമ്പിൽ കുറത്തികാട് വച്ച് സ്വീകരിച്ചു. ഛായാചിത്ര പ്രയാണം കുറത്തികാട്, പുന്നമൂട് എന്നീ ദൈവാലയങ്ങളിൽ സന്ദർശിച്ചശേഷം ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ മാതൃഇടവകയായ മാവേലിക്കര പുതിയകാവ് ദൈവാലയത്തിൽ എത്തിച്ചേരുകയും അവിടെ ധൂപ പ്രാർത്ഥന നടത്തപ്പെടുകയും ചെയ്തു. തുടർന്ന് കല്ലുമല മാർ ഈവാനിയോസ് ക്യാമ്പസിലൂടെ മെഴുകുതിരി പ്രദക്ഷിണം നടത്തപ്പെട്ടു.




## ചെങ്ങന്നൂർ വൈദിക ജില്ല

### നിറവ് (പൊതിച്ചോറ് വിതരണം)

എം. സി. വൈ. എം ചെങ്ങന്നൂർ വൈദിക ജില്ലയുടെ നേതൃത്വത്തിൽ ഓണാഘോഷത്തോടനുബന്ധിച്ച് സെപ്റ്റംബർ മാസം ഒമ്പതാം തീയതി 'നിറവ് ' പൊതിച്ചോറ് വിതരണം നടത്തപ്പെട്ടു. ജീവൻ ജ്യോതി തിരുവല്ല, ശാന്തിതീരം പേരിശ്ശേരി, കരുണാലയം പുത്തൻകാവ്, സെന്റ് മേരിസ് ദയാ ഭവൻ കൊല്ലകടവ്, ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ, ചെങ്ങന്നൂർ ടൗൺ എന്നിവിടങ്ങളിലായി 400 പൊതിച്ചോറുകൾ വിതരണം ചെയ്യുവാൻ സാധിച്ചു. ജില്ലയിലെ 12 യൂണിറ്റുകൾ ഇതിൽ സജീവമായി പങ്കെടുത്തു.

www.malankaralibrary.com




## ഛായാചിത്ര പ്രയാണം

ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ 69-ാം ഓർമ്മ പെരുന്നാളിനോടനുബന്ധിച്ച് വൈദിക ജില്ലയുടെ നേതൃത്വത്തിൽ ജൂലൈ മാസം പന്ത്രണ്ടാം തീയതി ഛായാചിത്ര പ്രയാണം നടത്തപ്പെട്ടു. ജില്ലാ വികാരി റവ. ഫാ. ഡാനിയേൽ തെക്കേടത്ത് ഛായാചിത്ര പ്രയാണം ഉദ്ഘാടനം ചെയ്തു. റവ. ഫാ. ഗീവർഗീസ് കുളഞ്ഞികൊമ്പിൽ, റവ. ഫാ. സിൽവസ്റ്റർ തെക്കേടത്ത്, എം. സി. വൈ. എം ജില്ലാ ഡയറക്ടർ റവ. ഫാ. ജെയിൻ തെങ്ങുവിള, ജില്ലാ പ്രസിഡൻറ് സാമുവൽ കെ എസ് എന്നിവരുടെ നേതൃത്വത്തിൽ ചെങ്ങന്നൂർ ദേവാലയത്തിൽ നിന്നും ഛായാചിത്ര പ്രയാണം ആരംഭിച്ചു. പുലിയൂർ, ഇലഞ്ഞിമേൽ പൊറ്റമേൽക്കടവ് ലത്തീൻ ദേവാലയം എന്നിവിടങ്ങൾ സന്ദർശിച്ച് ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ മാതൃഇടവകയായ മാവേലിക്കര പുതിയകാവ് സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ എത്തിച്ചേർന്നു.



## കറ്റാനം വൈദിക ജില്ല

## MUSSIO 2K22



www.malankaralibrary.com

എം. സി. വൈ. എം. കറ്റാനം വൈദിക ജില്ലയുടെ ആഭിമുഖ്യത്തിൽ കഴിഞ്ഞ രണ്ടു വർഷമായി നടത്തിവരുന്ന MUSSIO എന്ന ഓൺലൈൻ മ്യൂസിക് കോമ്പറ്റീഷൻ ഈ വർഷവും വളരെ മികച്ച രീതിയിൽ തന്നെ നടത്തുവാൻ സാധിച്ചു. ജൂൺ 5 ന് ആരംഭിച്ച മത്സരം ജൂൺ 17 വരെ നീണ്ടുനിന്നു. 150 മത്സരാർത്ഥികൾ പങ്കെടുത്ത MUSSIO യിൽ രേഷ്മ എലിസബത്ത് ഒന്നാം സ്ഥാനവും, സ്മിത മാത്യു രണ്ടാം സ്ഥാനവും, സിത്യമേ ജെയിംസ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

## സ്വാതന്ത്ര്യ ദിനാഘോഷം



സ്വാതന്ത്ര്യ ദിനത്തിന്റെ ഭാഗമായി എം സി വൈ എം കറ്റാനം വൈദിക ജില്ലയുടെ നേതൃത്വത്തിൽ നൂറനാട് ധീര രക്തസാക്ഷി ലാൻസ് നായിക് സുജിത് ബാബുവിന്റെ സ്മൃതി മണ്ഡപത്തിൽ പുഷ്പചക്രം അർപ്പിക്കുകയും, അദ്ദേഹത്തിന്റെ മാതാപിതാക്കളെ ആദരിക്കുകയും ചെയ്തു.

## ജ്വാല




പുനരൈക്യം എന്നത് എന്താണ് എന്നും സഭയുടെ ആഴങ്ങളിലേക്ക് ഇറങ്ങി ചെല്ലുവാനുമായി എം സി വൈ എം കറ്റാനം വൈദിക ജില്ല സമിതിയുടെ നേതൃത്വത്തിൽ 2022 സെപ്റ്റംബർ 25 രാത്രി 7 ന് വെബ്ബിനാർ നടത്തപ്പെട്ടു. പുനരൈക്യത്തിന്റെ കാലിക പ്രസക്തി എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. ചെറിയാൻ കുരിശുമ്മൂട്ടിൽ ക്ലാസ് നയിച്ചു. ഡയറക്ടർ റവ. ഫാ. വർഗീസ് കുന്നത്തേത്, റവ. ഫാ. ഡൈനീഷ്യസ് ലൂർദ്, റവ. ഫാ.ജോൺ മരുതൂർ, റവ. ഫാ മാത്യു വലിയപറമ്പിൽ, റവ. ഫാ മാത്യു കാമെച്ചംപറമ്പിൽ, ഭദ്രാസന ആനിമേറ്റർ റവ. സിസ്റ്റർ സജീവ എസ്. ഐ. സി, വൈദിക ജില്ല സിസ്റ്റർ ആനിമേറ്റർ ഇവാനിയ എസ്. ഐ. സി, ഭദ്രാസന പ്രസിഡന്റ് ജിതിൻ ഷാജി, മറ്റ് രൂപത ഭാരവാഹികൾ, ജില്ലാ സമിതി അംഗങ്ങൾ, യുവജന സുഹൃത്തുക്കൾ പ്രിയ മാതാപിതാക്കൾ എന്നിവർ ഈ വെബ്ബിനാറിൽ പങ്കെടുത്തു.